the Assembly a rubber-stamp and you have made it a fait accompli. എന്നിട്ട് Ordinance കൊണ്ട് ഇനാഗുറേഷനും നടത്തി. ഈ അസംബ്ലിയിൽ തള്ളുകയാണെങ്കിലോ? You have taken the Assembly for granted. എവിടെയാണ് ജനാധിപത്യം?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സെലക്ററ് കമ്മിററിക്കയച്ച ബില്ലിലെ ഒരു വിഷയത്തെക്കുറിച്ച് ഈ നിയമ സഭയിൽ നിയമ നിർമ്മാണം നടത്തിക്കൂടാ എന്നുണ്ടോ? മലബാർ യൂണിവേഴ്സിററി ഒരു പുതിയ യൂണിവേഴ്സിററിയാണ്. സെലക്ററ് കമ്മിററിക്കയച്ച മാററർ മറെറാന്നാണ്. കേരളത്തിലെ എല്ലാ യൂണിവേഴ്സിററികൾക്കുംകൂടി ഒരു പുതിയ നിയമം വേണമോ, വേണ്ടയോ എന്നുള്ള ക്വസ്ററ്യൻ ഡിസൈഡ് ചെയ്തിട്ടില്ല. അതിനു മുൻപ് ഈ സഭയിൽ ഒരു പുതിയ നിയമം അവതരിപ്പിച്ചുകൂടാ എന്നില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ചർച്ച ഇപ്പോൾ immature ആണ്. സഭ ഇതുവരെ പിരിഞ്ഞിട്ടില്ല. ബിൽ ലാപ്സായിട്ടില്ല. Bill is pending. അതിനു മുൻപേ ബിൽ മരിച്ചു, Burial ചെയ്യണമെന്നു പറയുന്നത് ശരിയല്ല. It is still pending before the House. അതുകൊണ്ട് ഈ ചോദ്യത്തിന് പ്രസക്തിയില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, അങ്ങാണല്ലോ ഇക്കാര്യത്തിൽ റൂളിംഗ് തരേണ്ടത്. ഈ സഭയിൽ ബില്ലിന്റെ കാലാവധി നീട്ടിക്കൊടുക്കണമെന്ന് ഇതുവരെ ആരും ഈ സഭയോട് ആവശ്യപ്പെട്ടിട്ടില്ല. ഈ ബില്ലിന് ഈ സഭ അനുവദിച്ച സമയമൊക്കെ കഴിഞ്ഞിരിക്കുന്നു. ഞങ്ങൾക്കറിയേണ്ട വിഷയം അതാണ്. കൂടുതൽ സമയം ചോദിക്കാത്തത് ഇത് വേണ്ടാ എന്നുള്ളതുകൊണ്ടാണ് എങ്കിൽ യാതൊരു വിരോധവുമില്ല. വളരെ ഡിസ്ററിംഗ്വിഷ്ഡ് കമ്പനിയിൽ തന്നെ ശ്രീ. ബഷീറും പെടും. നേരത്തെ പറഞ്ഞ ചില വ്യക്തികളുടെ പേരുകളുടെ കൂട്ടത്തിൽ ശ്രീ. മുഹമ്മദ് ബഷീറും ചേർന്നുകൊണ്ട് ഈ ബില്ലിനെ burial നടത്തുമോയെന്നാണ് ചോദിച്ചത്.

ശ്രീ. കെ. പ്രകാശ് ബാബു: കഴിഞ്ഞ നാലാം തീയതി മലബാർ യൂണിവേഴ്സിററി ഓർഡിനൻസ് നിയമ സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ ഞാൻ ഒബ്ജക്ഷൻ എഴുതി തന്നിരുന്നു. അങ്ങയുടെ റൂളിംഗ് അതിൽ പെൻറിംഗ് ആണ്. മലബാർ യൂണിവേഴ്സിററി ബിൽ ഓർഡിനൻസ് ആകുമ്പോൾ ഏകീകൃത സർവ്വകലാശാലാ നിയമം ഹൗസിന്റെ പ്രോപ്പർട്ടി എന്നുള്ള നിലയ്ക്ക് ക്ലാസിന്റെ വൈലേഷൻ ആണ്. അത് പ്രൊപ്രൈററിക്ക് വിരുദ്ധമല്ലേ? അങ്ങ് റൂളിംഗ് നൽകണം.

## VI. സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ: ശ്രീ. പ്രകാശ് ബാബുവിന്റെ ഒബ്ജക്ഷൻ സംബന്ധിച്ച് ആദ്യം പറയാം. ഏകീകൃത യൂണിവേഴ്സിററി ബിൽ നിയമാനുസൃതം പാസ്സായ ഒരു ബിൽ അല്ലാത്തതുകൊണ്ട് അതിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണോ അല്ലയോ എന്നുള്ളത് does not arise. അതുകൊണ്ട് ശ്രീ. പ്രകാശ് ബാബുവിന്റെ പ്രശ്നം നിലനിൽക്കത്തക്കതല്ല. ഇത് ഒൻപതാം കേരള നിയമസഭയുടെ അവസാന സമ്മേളനമായതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിററിക്കയച്ചതും കമ്മിററി ചർച്ച പൂർത്തിയാക്കാത്തതുമായ കേരള സർവ്വകലാശാലകരം ബില്ലും അതിന്റെ സെലക്ററ് കമ്മിററിയും ഇനിയും നിൽക്കേണ്ടതുണ്ടോ എന്നും പ്രസ്തുത ബില്ലുകരം പിൻവലിച്ച് കമ്മിററി പിരിച്ചുവിടുന്നതല്ലേ ഉചിതമായ നടപടിയെന്നുമുളള പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിന്റെ ലീഗാലിററിയെപ്പററി പ്രശ്നമില്ല; അതിന്റെ പ്രൊപ്രൈററിയെ സംബന്ധിച്ചാണ്. ഈ ബിൽ മുന്നോട്ടു കൊണ്ടു പോകുന്നുവോ എന്ന പ്രശ്നം 29-6-1994-ൽ സഭയിൽ ഉന്നയിച്ചിരുന്നു. അന്നിത് മുന്നോട്ടു കൊണ്ടുപോകുമെന്ന ധാരണയാണുണ്ടായിരുന്നത്. എന്നിരുന്നാലും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ വ്യക്തമായ തീരുമാനം എടുക്കുവാൻ കഴിയാതെ വന്നതുകൊണ്ടാകാം ഇത് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ കഴിയാതെ വന്നത്. ഏതായാലും ഇത് മുന്നോട്ടു കൊണ്ടുപോകണമോ, വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് ഗവൺമെൻറാണ്. ബഹുമാനപ്പെട്ട മന്ത്രി അത് ഉപേക്ഷിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഒരു സെലക്ററ് കമ്മിററിയുടെ പരിഗണനയിലുളള ബിൽ പിൻവലിക്കുന്നതു സംബന്ധിച്ച നടപടിക്രമം റൂരം 94-ന്റെ ക്ലിപ്ത നിബന്ധനയിലും റൂരം 95-ലും പ്രതിപാദിക്കുന്നുണ്ട്. അതനുസരിച്ച് ഒരു ബിൽ പിൻവലിക്കണമെങ്കിൽ അതിനുളള ഉപക്ഷേപത്തിന്റെ നോട്ടീസ് സെലക്ററ് കമ്മിററിക്ക് സ്വയമേവ അയയ്ക്കപ്പെടുന്നതും ഇക്കാര്യത്തിലുളള കമ്മിററിയുടെ അഭിപ്രായം ഒരു റിപ്പോർട്ടിലൂടെ സഭയിൽ പ്രകടിപ്പിച്ചശേഷം മാത്രം ഇത് സംബന്ധിച്ച ഉപക്ഷേപം കാര്യപരിപാടിയിൽ ചേർക്കേണ്ടതുമാണ്. അതുപോലെ തന്നെ ബിൽ പിൻവലിക്കേണ്ടതിന്റെ അനുമതിക്കുളള ഉപക്ഷേപത്തെ എതിർക്കുന്നപക്ഷം ഉപക്ഷേപം അവതരിപ്പിക്കുന്ന അംഗത്തെയും എതിർക്കുന്ന അംഗത്തെയും ഓരോ ലഘു വിശദീകരണങ്ങരം നൽകാൻ അനുവദിക്കേണ്ടതുണ്ട്. നിയമസഭ നടപടിച്ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥയുളള പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളവും അതിൽനിന്ന് വ്യത്യസ്തമായ വിധത്തിൽ റൂളിംഗ് നൽകുന്നത് അനുചിതവും നിയമ വിരുദ്ധവുമാണ്. ആയതിനാൽ 94, 95 എന്നീ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുളള നടപടി ക്രമമനുസരിച്ച് മാത്രമേ സെലക്ററ് കമ്മിററി മുൻപാകെയുളള ബിൽ പിൻവലിക്കുവാൻ പാടുളളൂവെന്നാണ് ചെയറിന്റെ സുചിന്തിതമായ അഭിപ്രായം. ഇക്കാര്യത്തിൽ 94, 95 എന്നീ ചട്ടങ്ങളിലെ നടപടിക്രമം അനുവർത്തിക്കാത്തപക്ഷം ഇതിനു മുൻപ് നിരവധി ബില്ലുകളുടെ കാര്യത്തിൽ അനുഭവിച്ചിട്ടുളളതുപോലെ സഭ പിരിച്ചു വിടുന്നതോടുകൂടി ഭരണഘടനയുടെ ആർട്ടിക്കിൾ 196 (5) പ്രകാരം ബിൽ ലാപ്സാകുന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നത്തിന് ഇപ്പോരം നിലനിൽപ്പില്ല. ക്രമപ്രശ്നം തളളുന്നു.

ശ്രീ. ടി. ശിവദാസമേനോൻ: സർ, എന്റെ question എന്താണെന്നു വച്ചാൽ Assembly is in Session. ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു. ആ ഓർഡിനൻസ് ബില്ലിന്റെ രൂപത്തിൽ ഈ സെഷനിൽ വരാൻ പോകുകയാണ്. ഈ സെഷൻ നടന്നുകൊണ്ടിരിക്കെ ഓർഡിനൻസ് പ്രകാരമുളള........................When the Session is as per the Constitution, an Ordinance is equal to an Act as per the Constitution അസംബ്ലി മീററ് ചെയ്തുകൊണ്ടിരിക്കെ ഓർഡിനൻസ് നിയമം ആക്കാൻ ഷെഡ്യൂരം ചെയ്തിട്ടുണ്ട് ഷെഡ്യൂരം പ്രകാരം നിയമം ആക്കാൻ അസംബ്ലി നടന്നുകൊണ്ടിരിക്കെ പുതിയ പ്രസ്താവനകരം പാടില്ല. ആ പ്രൊപ്രൈററിയെയാണ് ചോദ്യം ചെയ്യുന്നത്. ഒരു യൂണിവേഴ്സിററി ഉൽഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. When the Ordinance

is before the House to be enacted as an Act, അത് ശരിയാണോ? [illegible] ഉണ്ടോ? I am not questioning the legality. I am questioning the democratic propriety in doing this and the honour of this August House........ ............... ......

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഗവർണ്ണർ ഒപ്പ് ഇട്ടപ്പോൾ തന്നെ യൂണിവേഴ്സിററി നിലവിൽ വന്നു. ആറാഴ്ചയ്ക്കകം നിയമം പാസ്സാകുന്നില്ലെങ്കിൽ യൂണിവേഴ്സിററി പോകും.

ശ്രീ. എം. ജെ. സക്കറിയ: സർ, ബഹുമാനപ്പെട്ട ശ്രീ. ശിവദാസമേനോനും, ശ്രീ. സി. കെ. ചന്ദ്രപ്പനും ഉന്നയിച്ച പ്രശ്നത്തെക്കുറിച്ച് റൂളിംഗ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഇനി ആ വിഷയം ആവർത്തിക്കുന്നതിൽ എന്താണ് അർത്ഥം?

ശ്രീ. ബേബി ജോൺ: സർ, ഇവിടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പ്രധാനപ്പെട്ട ഒരു വിഷയം വന്നത് സെലക്ട് കമ്മിററിയുടെ പീരേഡ് നിശ്ചയിക്കുന്നത് സംബന്ധിച്ചാണ്. ആ പീരേഡ് എക്സ്ററൻറ് ചെയ്യുന്നു. അതുകഴിഞ്ഞിട്ട് വീണ്ടും എക്സ്ററൻഷൻ ഒന്നുമില്ല. സ്വാഭാവികമായ മരണത്തിന് ഗവൺമെൻറ് ഇതിനെ വിട്ടു എന്നാണ് അർത്ഥം.

മി. സ്പീക്കർ: സ്വാഭാവികമായ മരണത്തിന് വിടുന്നോ ഇല്ലയോ എന്ന ചോദ്യത്തിന് ജീവിച്ചിരിക്കുന്നു എന്നാണ് സർക്കാരിൻെറ പ്രതികരണം.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജീവിച്ചിരിക്കുന്നു എന്ന് മാത്രമല്ല സ്വാഭാവികമായി പല ബില്ലുകളും മരിക്കും. ഒരുപാട് ബില്ലുകൾ ഈ നിയമസഭയിൽ ഉണ്ട്. ഇതിന് പ്രത്യേകതയൊന്നുമില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഈ ബില്ലിൻെറ ടൈം എക്സ്പയർ ചെയ്തു. ബിൽ നിലനിൽക്കണമെന്ന് ഗവൺമെൻറിന് ആഗ്രഹമുണ്ടെങ്കിൽ സെലക്ട് കമ്മിററിയുടെ ടൈം എക്സ്ററൻറ് ചെയ്യാൻ ആവശ്യപ്പെടേണ്ടതല്ലേ?

മി. സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സെലക്ട് കമ്മിററിയുടെ ടേം നീട്ടുന്നതും, ബിൽ എക്സ്പയർ ചെയ്യുന്നതും രണ്ടും രണ്ടാണ്. The Original Bill is pending before the Assembly. Eventhough the Select Committee has not reported it back, the Bill is pending before the House.

## VII. റിപ്പോർട്ട് സമർപ്പണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ:) സർ, ധനകാര്യം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ ചെയർമാനായ ഞാൻ മട്ടാഞ്ചേരി മദ്യദുരന്തം സംബന്ധിച്ച സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly